FRIDAY 26.04.2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

### Agriculture Development and Farmer's Welfare Department
### GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/04/2024

1. കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗമാകുന്നതിന് www.kfwfb.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷന് വയസ്സ് തെളിയിക്കുന്ന രേഖ, ആധാർ, വില്ലേജ് ഓഫീസറിൽ നിന്ന് ലഭിക്കുന്ന വാർഷിക വരുമാന സർട്ടിഫിക്കറ്റ്, കൃഷി/കൃഷി അനുബന്ധ/ കാർഷിക പ്രവർത്തനം സംബന്ധിച്ച കർഷകന്റെ സത്യപ്രസ്ഥാവന, കൃഷി അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം (കൃഷി ഓഫീസർ ഒഴികെ), ബാങ്ക് പാസ് ബുക്ക് പകർപ്പ്, ഭുമി നികുതി രസീത് / ഭൂമി രേഖ പാസ്സ്പോർട്ട് സൈസ് ഫോട്ടോ മുതലായവയാണ് ആവശ്യമായ രേഖകൾ. പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് ക്ഷേമനിധി പെൻഷൻ, അനാരോഗ്യ ആനുകൂല്യം, കുടുംബ പെൻഷൻ, അവശതാ ആനുകൂല്യങ്ങൾ, ചികിത്സാസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ഒറ്റത്തവണ ആനുകൂല്യം, വിദ്യാഭ്യാസ, ധനസഹായം, മരണാനന്തര ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

2. വൈദ്യുത പമ്പുകളെ സൗരോർജ പമ്പുകളാക്കി മാറ്റുന്നതിനും വൈദ്യുതി എത്താത്ത ഇടങ്ങളിൽ ഡീസൽ പമ്പുകൾ സൗരോർജത്തിലേക്കു മാറ്റുന്നതിനും അനർട്ട് മുഖേന സഹായം നൽകുന്നു. പിഎം കുസും പദ്ധതിയുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്.ഡീസൽ പമ്പുകൾ സൗരോർജ പമ്പുകളാക്കൽ വൈദ്യുതീകരിക്കാത്ത കൃഷിയിടങ്ങളിലെ 1 HP മുതൽ 7.5 HP വരെയുള്ള ഡീസൽ പമ്പുകൾ സൗരോർജ പമ്പുകളാക്കി മാറ്റി സ്ഥാപിക്കാൻ സഹായം. ഇതിന് 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയും ലഭിക്കും. നിലവിലുള്ള വൈദ്യുതി പമ്പുകളുടെ സൗരോർജവൽക്കരണം:

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വൈദ്യുതീകരിക്കാത്ത കൃഷിയിടങ്ങളിലെ 1 HP മുതൽ 7.5 HP വരെയുള്ള പമ്പുകൾ സൗരോർജവൽക്കരിക്കും. 10 സെന്റിനു മുകളിൽ, 5 ഏക്കറിൽ താഴെ ഭൂമിയുള്ള, സൗജന്യ വൈദ്യുതി ലഭിക്കുന്ന കർഷകരെയാണു പരിഗണിക്കുന്നത്. പദ്ധതിയിൽ ചേരുന്നതിനു കർഷകൻ പണം മുടക്കേണ്ടതില്ല. കൃഷിയിടത്തിൽ സൗരോർജ പാനൽ സ്ഥാപിക്കുന്നതിനുള്ള അനുമതി പത്രം നൽകിയാൽ മതി. അനർട്ടിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റു പ്രവൃത്തികൾ പൂർത്തിയാക്കും. കർഷകന്റെ ഉപയോഗം കഴിഞ്ഞുള്ള വൈദ്യുതി കെഎസ്ഇബിക്കു നൽകുന്നതിലൂടെ ലഭിക്കുന്ന വരുമാനം വായ്പയുടെ തിരിച്ചടവിന് ഉപയോഗിക്കാം. എറണാകുളം, പാലക്കാട്, തൃശൂർ, മലപ്പുറം, കാസർകോട് ജില്ലകളിലാണ് നിലവിൽ പദ്ധതി നടപ്പാക്കുന്നത്. കൂടുതൽ വിവരങ്ങൾക്കു എറണാകുളം 0484-2428611, 9188119407, തൃശ്ശൂർ 0487-2320941, 9188119408, മലപ്പുറം 9188119410, പാലക്കാട് 0491- 2504182, 9188119409, കാസർഗോഡ് 04994-230944, 9188119414.

3. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ 2024 ജൂൺ മാസം വിതരണം ചെയ്യുന്ന 46 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങൾക്കുള്ള ബുക്കിംങ്ങ് ആരംഭിച്ചതായി അസിസ്റ്റൻഡ് ഡയറക്ടർ അറിയിച്ചു. ഒരു ദിവസം പ്രായമായ പിടക്കുഞ്ഞുങ്ങളെ 25 രൂപയ്ക്കും, പൂവൻ കുഞ്ഞുങ്ങൾ 5 രൂപയ്ക്കും കോഴിവളം കിലോ 3 രൂപയ്ക്കും ലഭ്യമാണ്. ബുക്കിംങ്ങിനും അന്വേഷണങ്ങൾക്കും 04812373710, 8301897710 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

4. സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ പദ്ധതിയിൽ ഒരു യംഗ് പ്രൊഫഷണൽ 2 ന് വേണ്ടി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2024, ഏപ്രിൽ 30-ാം തിയതി ഒരു എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തുന്നു. താത്കാലിക നിയമനം. പ്രായ പരിധി ഏപ്രിൽ 30-ാം തിയതി 21-45 വയസ്സ് (നിയമാനുസൃതമായ ഇളവുകൾ ബാധകം). കൂടുതൽ വിവരങ്ങൾക്ക് www.kvkalappuzha.icar.gov.in അല്ലെങ്കിൽ www.cpcri.icar.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. താത്പര്യമുള്ളവർ 2024, ഏപ്രിൽ 23-ാം തിയതിയ്ക്കുള്ളിൽ 0479-2959268, 2449268, 9447790268 എന്നീ ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "ജൈവ ജീവാണു വളങ്ങൾ" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മെയ് 2 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ മെയ് 1 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മെയ് 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.